# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 54 — 28.06.2016-ൽ മറുപടിക്ക്

## സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം<br>ശ്രീ. എം. നൗഷാദ് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പോലീസ് വകുപ്പിലെ സബ്-ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ഒഴിവുകൾ അടുത്ത മൂന്ന് വർഷത്തേയ്ക്ക് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന 01.03.2016-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ GO(MS) No./76/ 2016/Home ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; ഇങ്ങനെയൊരു ഉത്തരവിറങ്ങാനുള്ള സാഹചര്യം അന്വേഷണ വിധേയമാക്കുമോ; | (എ) ഉണ്ട്; OP (KAT) No. 200/14 -ലെ 26.08.2014 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി, എസ്.ഐ തസ്തികയിൽ 137 അധിക ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവിട്ടു. എന്നാൽ ടി ഒഴിവുകൾ ഡിപ്പാർട്ട്മെന്റിൽ നിലവിലില്ലാത്ത അധിക ഒഴിവുകൾ ആയിരുന്നു. നിലവിലില്ലാത്ത ഒഴിവുകളിൽ നിയമനം നടത്തുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. ഇതേ തുടർന്ന് ജി.ഒ (എം.എസ്) 76/16/ ആഭ്യന്തരം തീയതി 01.03.16 പ്രകാരം സർക്കാർ 37 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ആയത് അടുത്ത മൂന്ന് വർഷത്തേക്ക് ഉണ്ടാകുന്ന എസ്.ഐ. ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യാൻ ഉത്തരവാകുകയും ചെയ്തു. ടി ഒഴിവുകളിൽ നിയമനം ലഭിച്ചവരുടെ പരിശീലനം ആരംഭിച്ചിട്ടുണ്ട്. |
| ബി) ജി.ഒ (പി) No. 268/2010/Home തീയതി 10.12.2010 പ്രകാരം നിലവിൽ വന്ന കേരള സിവിൽ പോലീസ് കേഡറിലെ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 253/2014) നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും റിക്രൂട്ട്മെന്റ് റൂൾ നിലവിൽ വന്നിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകത പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) ഉണ്ട്. കേരള സിവിൽ പോലീസ് കേഡറിനു വേണ്ടിയുള്ള കരട് സ്പെഷ്യൽ റൂൾസ് 09.01.2015-ന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ സെക്രട്ടറിയേറ്റിലേയും ഡിപ്പാർട്ട്മെന്റിലേയും ഉന്നത ഉദ്യോഗസ്ഥരും സംഘടനാ പ്രതിനിധികളും പങ്കെടുത്ത ഒരു ചർച്ച 19.05.2015ന് Additional Chief Secretary (Home & Vigilance)-ന്റെ സാന്നിദ്ധ്യത്തിൽ നടക്കുകയും ചെയ്തു. ചർച്ചയിലെ തീരുമാന പ്രകാരം പോലീസ് സേനയിലെ നോൺ ഐ.പി.എസ്. എസ്.പി വരെയുള്ള എല്ലാ കേഡറ്റുകളുടേയും Strength നിശ്ചയിക്കുന്നതിനായി ഉത്തരവ് നം. എസ്4(എ)112779/2014/പി.എച്ച്.ക്യൂ തീയതി 02.06.2015 ആയി എ.ഡി.ജി.പി (ഇന്റലിജൻസ്) അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ